# ACADEMIC MASTER PLAN

## L F E M L P SCHOOL

## PONNORE

## 2025-26

# ആമുഖം

തൃശൂർ ജില്ലയിൽ, തോളൂർ ഗ്രാമപഞ്ചായത്തിൽ ഗ്രാമീണ സൗന്ദര്യവും, സ്വച്ഛതയും, പരിശുദ്ധിയും നിറഞ്ഞുനിൽക്കുന്ന പോന്നോർ പള്ളിയങ്കണത്തിൽ ലിറ്റിൽ ഫ്ലവർ നാമധേയത്തിൽ സ്ഥിതിചെയ്യുന്ന ഒരു അൺഎയ്ഡഡ് വിദ്യാലയമാണ് ഇത്. പാഠ്യപാഠ്യേതര രംഗത്ത് മികവുറ്റ രീതിയിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗത്ത് ഈ വിദ്യാലയം മുന്നേറുന്നു. ഓരോ വിദ്യാർത്ഥിക്കും വ്യക്തിപരമായ ശ്രദ്ധ ഉറപ്പുവരുത്തുന്ന രീതിയിലാണ് പഠനപ്രവർത്തനങ്ങൾ നടത്തപ്പെടുന്നത്. മാനേജ്മെന്റും മാതാപിതാക്കളും അധ്യാപകരും കുട്ടികളും കൂടിയുള്ള കൂട്ടായ പ്രവർത്തനമാണ് വിദ്യാലയത്തിന്റെ പുരോഗതിയുടെ അടിസ്ഥാനം. കുട്ടികൾക്ക് പഠനത്തിനും വിനോദത്തിനും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻപന്തിയിലേക്ക് കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ നടത്തുന്നതിനും വിദ്യാലയത്തിന് സാധിക്കുന്നുവെന്നുള്ളത് ഏറെ സന്തോഷകരമാണ്. ഓരോ കുട്ടിയുടേയും സാമൂഹികവും ഭൗതികവും മാനസികവും ആത്മീയവുമായ സമഗ്രവളർച്ച ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളാണ് ചുവടെ ചേർക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ.

## മലയാളം

മലയാളത്തിന്റെ മധുരിമ കുട്ടികൾക്ക് പകർന്നു കൊടുക്കാൻ ജൂൺ മാസത്തിലെ ആദ്യ ആഴ്ചകളിൽ അക്ഷരമാല പഠനത്തിനോടൊപ്പം അവർക്ക് അവധിക്കാലത്ത് ഉണ്ടായ അനുഭവവിവരങ്ങൾ വാചകങ്ങളായി അവതരിപ്പിക്കാൻ അവസരം കൊടുക്കുന്നു. തുടർന്ന് കൊച്ചു കൊച്ചു കവിതകൾ അവതരിപ്പിച്ചുകൊണ്ട് വരികളുടെ താളഭംഗിയും അക്ഷരങ്ങളുടെ താളവും അവതരിപ്പിക്കുന്നു. കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനായി തുടർവരികൾ അവരോട് എഴുതുവാൻ ആവശ്യപ്പെടുന്നു. നാടൻ പാട്ടുകളും വായ്ത്താരികളും പഴഞ്ചൊല്ലുകളും കടങ്കഥകളും ഡയറിക്കുറിപ്പുകളും എഴുതുകയും പറയുകയും കണ്ടെത്തുകയും ചെയ്യുന്നതിലൂടെ അവരുടെ ചിന്താശക്തി വർദ്ധിപ്പിക്കുന്നു. അക്ഷരസ്ഫുടതയോടെ പാഠഭാഗങ്ങളും കഥാപുസ്തകങ്ങളും വായിക്കുന്നതിന് ഭാഷാപഠനത്തിൽ പ്രാധാന്യം കണ്ടെത്തുന്നു. ലൈബ്രറി പുസ്തകം വായിക്കുന്നതിനും വായിച്ച പുസ്തകത്തിന്റെ വിവരണം അവതരിപ്പിക്കുന്നതിലൂടെ അവരുടെ വാക്യനിർമ്മിതിയ്ക്കും തുടർച്ചയായി അവതരണം നടത്തുന്നതിനും കുട്ടിയെ പ്രാപ്തനാക്കുന്നു.

കുട്ടികളുടെ ഓരോരുത്തരുടെയും കഴിവുകളും കുറവുകളും കണ്ടെത്തി തുടർപ്രവർത്തനത്തിന് മാതാപിതാക്കളുടെ പിന്തുണയോടെ അവരെ പ്രൈമറിതലത്തിൽ തന്നെ രൂപപ്പെടുത്തിയെടുക്കുന്നു.

# English

English is widely spoken and can help kids connect with people from different cultures.

Aim :- To speak, Read and write English without any mistakes.

## June

Stand up and listen say a phrase aloud in class. It includes a repeating vowel or consonat. Children think about the repeated words and present it in the class.

## July

Introduce symbol words provides picture cards

## August

Interactive storytelling pause during a story, ask questions or have the child rephrase what they've heard to check comprehension and engage them actively.

## September

Enjoy Songs and sings them with action

Read and write simple words and sentences.

## October

Role - Playing

Dress-up games and acting out short plays.

## November

Provides picture cards and reading cards.

Read and write simple words and sentences.

## December

Make riddle

Text book activity

## January

Encourage digital reading

Read and understand simple instructions.

## February

Listening lyrics with action

Guess the action

## March

Make picture albums

collect pictures of animals

Draw pictures and explain

Speaks English fluently

Read simple sentences

Picture reading and picture description

# പരിസരപഠനം

## ലക്ഷ്യങ്ങൾ

* പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്താണെന്നുള്ള അവബോധം കുട്ടികളിൽ വളർത്തുക.

* ശാസ്ത്രവിഷയങ്ങളിലുള്ള താൽപര്യം വളർത്തുക.

* കുട്ടികളിൽ അന്വേഷണ, പരീക്ഷണ താൽപര്യം വളർത്തുക.

* ചുറ്റുപാട് നിരീക്ഷിച്ച് പരിസ്ഥിതിയിൽ നടക്കുന്ന മാറ്റങ്ങളെക്കുറിച്ച് നിരീക്ഷിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

* സസ്യങ്ങൾ, മൃഗം, ജലം തുടങ്ങിയ പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്തമാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക.

* പ്രകൃതിയെ സ്നേഹിക്കാൻ പഠിപ്പിക്കുക.

1 പ്രവർത്തനങ്ങൾ

ജൂൺ 5 പരിസ്ഥിതിദിനാചരണവുമായി ബന്ധപ്പെട്ട് വൃക്ഷത്തൈ നടൽ.
പച്ചക്കറിത്തോട്ട നിർമ്മാണം, പരിപാലനം.
പലതരത്തിലുള്ള ചെടികളെക്കുറിച്ച് മനസ്സിലാക്കൽ. പരിസ്ഥിതിദിനവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, ചാർട്ടുകൾ പ്രദർശനം.

ചുമതല - ക്ലാസ് ടീച്ചർ
കാലയളവ് - ജൂൺ, ജൂലായ്

2 പ്രവർത്തനം

ശാസ്ത്രാവബോധം വളർത്തുന്ന സമിതിയിലുള്ള പരിപാടികൾ ക്ലാസ് തലത്തിലും, സ്കൂൾ തലത്തിലും സംഘടിപ്പിക്കുക. ഔഷധ സസ്യങ്ങളുടെ പ്രദർശനം. ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ, പേപ്പർ കട്ടിംഗ് എന്നിവയുടെ പ്രദർശനം. പഠനപ്രവർത്തനങ്ങളിൽ നിന്നും കുട്ടികൾക്ക് ലഭിച്ച അറിവ് പരിശോധിക്കുന്നതിനായി പരീക്ഷകൾ നടത്തുന്നു.

ചുമതല- ക്ലാസ് ടീച്ചർ
കാലയളവ് - ആഗസ്റ്റ്, സെപ്റ്റംബർ

3 പ്രവർത്തനം - ഫീൽഡ് ട്രിപ്പ്

പഠനം രസകരമാക്കാൻ, കണ്ട്
മനസ്സിലാക്കി അനുഭവത്തിൽ പഠിക്കാൻ
ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ.

കാലഘട്ടം - ഒക്ടോബർ, നവംബർ
ചുമതല - ക്ലാസ് ടീച്ചർ

4 പ്രവർത്തനം

ശാസ്ത്ര അവബോധം നൽകുന്ന
തരത്തിലു~~ള്ള~~ മത്സരങ്ങൾ സംഘടിപ്പിക്കുക.

കാലഘട്ടം - ഡിസംബർ, ജനുവരി.

5 പ്രവർത്തനം

ശാസ്ത്രദിനവുമായി ബന്ധപ്പെട്ട്
ക്വിസ് മത്സരം സംഘടിപ്പിക്കൽ.
വീഡിയോ പ്രദർശനം.

ചുമതല : ക്ലാസ് ടീച്ചർ
കാലഘട്ടം - ഫെബ്രുവരി, മാർച്ച്.

ഗണിതം :-

ലക്ഷ്യം:- അടിസ്ഥാന ഗണിതാശയങ്ങളും സംഖ്യാന സമ്പ്രദായങ്ങൾ, സംഖ്യകൾ, സ്ഥാനവില, ചതുഷ്ക്രിയകൾ, ഗണിതരൂപങ്ങൾ, പാറ്റേണുകൾ, സമയം, കലണ്ടർ ഇവയെ കുറിച്ചുള്ള അവബോധം എല്ലാ കുട്ടികളിലുമെത്തിക്കുക.

പ്രവർത്തനങ്ങൾ :- മുത്തുകൾ, മഞ്ചാടി, അബാക്കസ്, വിവിധതരം കളികൾ എന്നിവയിലൂടെ സംഖ്യകൾ, സ്ഥാനവില, ചതുഷ്ക്രിയകൾ എന്നിവയെ കുറിച്ചുള്ള അവബോധം കുട്ടികൾക്ക് ലഭ്യമാക്കുന്നു. നമ്പർ ചാർട്ട്, ജ്യാമിതീയ ചാർട്ട്, മുതലായവയുടെ നിർമ്മാണത്തിലൂടെ കുട്ടികൾ സ്വയം പഠനശേഷി കൈവരിക്കുന്നു. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, അബാക്കസ് നിർമ്മാണം എന്നിവ പരിശീലിപ്പിക്കുന്നു. അതിലൂടെ ജ്യാമിതീയ രൂപങ്ങളെക്കുറിച്ചുള്ള അറിവ്, സ്ഥാനവില, എളുപ്പത്തിൽ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം ഇവ സാധ്യമാക്കുന്നു. ഹോം വർക്കുകൾ, യൂണിറ്റ് ടെസ്റ്റുകൾ, ഗണിത വർക്ക്ഷീറ്റ് ഇവയിലൂടെ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും കൈവരിച്ചുവോ എന്ന് ഉറപ്പു വരുത്തുന്നു.

വിവര സാങ്കേതിക വിദ്യ

ലക്ഷ്യം:- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാൻ അവസരം.

:- ക്ലാസ് പ്രവർത്തനങ്ങൾ വിവര സാങ്കേതിക വിദ്യയിലൂടെ എളുപ്പമാക്കുക

:- വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ:- ക്ലാസ് തലത്തിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ICT സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് അവതരിപ്പിക്കാൻ.

കാലഘട്ടം :- ജൂൺ - മാർച്ച്

ചുമതല :- അധ്യാപകർ

# പ്രവൃത്തി പരിചയം

പ്രവർത്തനം - 1.

പേര് - പ്രവൃത്തി പരിചയ ശില്പശാല

ഉപമേഖല - നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

ലക്ഷ്യം.

നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

പ്രവർത്തനങ്ങൾ

പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.

നിർമ്മാണം - ചോക്ക്, പാവ് നിർമ്മാണം etc. . .

കാലം.

സെപ്തംബർ

ചുമതല.

ക്ലാസ്സ് ടീച്ചർ

സാമ്പത്തിക വിശകലനം

2000

പ്രവർത്തനം : 2

പേര് : പേപ്പർ ബാഗ് നിർമ്മാണം

ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

ലക്ഷ്യം: –

നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

പ്രവർത്തനങ്ങൾ

പേപ്പർ ബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക.

കാലം

ജൂൺ – മാർച്ച്

ചുമതല

ക്ലാസ്സ് അധ്യാപകർ

സാമ്പത്തിക വിശകലനം

500

പ്രവർത്തനം : 3

പേര് : ഒറിഗാമി

ഉപമേഖല : കരകൗശല പരിശീലനം

**ലക്ഷ്യം**

ഇതര വിഷയവുമായി പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

പ്രവർത്തനങ്ങൾ

ഒറിഗാമിയിൽ പരിശീലനം നൽകൽ. പഠഭാഗങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ.

**കാലം**

സെപ്തംബർ

**ചുമതല**

റിസോഴ്സ് പേഴ്സണൽ

സാമ്പത്തിക വിശകലനം

2000

# സർഗവേദി

## സർഗവേദി പ്രവർത്തനങ്ങൾ

ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും കലാപരമായ കഴിവുകൾ വളർത്താനായി ലക്ഷ്യമിട്ട് പരിപാടികൾ സംഘടിപ്പിക്കുന്നു. ഇതിലൂടെ കുട്ടികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നു. നേതൃത്വം വിദ്യാർത്ഥികൾ തന്നെ കൊടുക്കുവാൻ പരിശീലിപ്പിക്കുന്നു. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുന്നു. നൃത്തം, സംഗീതം, ചിത്രരചന, ക്രാഫ്റ്റ് വർക്ക് എന്നി മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകി ഉപജില്ലാ മത്സരങ്ങൾക്കും കുട്ടികളെ തയ്യാറാക്കുന്നു.

സോഷ്യൽ മീഡിയ പ്രവർത്തനങ്ങൾ മുഖേന ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുന്നു. കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സാമൂഹികമായി പങ്കുവയ്ക്കുന്നു. ഇത് കുട്ടികളുടെ മാനസികമായ ആനന്ദത്തിലേക്ക് വഴിതെളിക്കുന്നു. കലാപരമായ കഴിവുകളുടെ ചുമതല ക്ലാസ്ടീച്ചർ ഏറ്റെടുത്ത് നടത്തുന്നു.

# ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം : 1

പേര് : കായികാരോഗ്യം

ഉപമേഖല : എയറോബിക്സ് എക്സർസൈസ്സ്, ഫുട്ബോൾ കോച്ചിങ്

**ലക്ഷ്യം :-**

മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.

**പ്രവർത്തനങ്ങൾ :-**

ഫുട്ബോൾ കോച്ചിങ് ക്യാമ്പ്, സ്കിപ്പിംഗ് പരിശീലനം, അത്‌ലറ്റിക് പരിശീലനം.

**കാലം :-**

ജൂൺ - മാർച്ച്

**ചുമതല :-**

H.M, ക്ലാസ്സ് അധ്യാപകർ

**സാമ്പത്തിക വിശകലനം :-**

3000/-

പ്രവർത്തനം : 2

പേര് : ഹെൽത്ത് ചെക്ക് അപ്പ്

ഉപമേഖല : ആരോഗ്യം

**ലക്ഷ്യം :-**

എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക.

**പ്രവർത്തനങ്ങൾ :-**

എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പുവരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ്

**കാലം :-**

ജൂൺ - സെപ്റ്റംബർ

**ചുമതല :-**

ക്ലാസ്സ് അധ്യാപകർ, H. M

**സാമ്പത്തിക വിശകലനം :-**

3000/-

പ്രവർത്തനം : 3

പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശില്പശാല

ഉപമേഖല : അധ്യാപക ശാക്തീകരണം

**ലക്ഷ്യം :-**

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം.

**പ്രവർത്തനങ്ങൾ :-**

P.T പിരീഡിൽ ചെയ്യിക്കാൻ എക്സൈസ്, ഗെയിംസ്, എന്നിവ നൽകുന്നതിന് ക്ലാസ് അധ്യാപികയ്ക്ക് പരിശീലനം നൽകുക.

**കാലം :-**

ജൂൺ - ജനുവരി

**ചുമതല :-**

ക്ലാസ് അധ്യാപിക

**സാമ്പത്തിക വിശകലനം :-**

1000/-.

## ലഹരി വിരുദ്ധ പ്രവർത്തനം

ലക്ഷ്യം :- കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക.

പ്രവർത്തനങ്ങൾ :- ബോധവൽക്കരണ ക്ലാസുകൾ, പോസ്റ്റർ നിർമ്മാണം, വീഡിയോ അവതരണം എന്നിവയുടെ വഴി കുട്ടികളിൽ ബോധം വളർത്തുന്നു.

കാലം :- അധ്യായന തുടക്കത്തിൽ

ചുമതല :- ആരോഗ്യ വകുപ്പ്.